# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1389** **30.01.2018-ന് മറുപടിയ്ക്ക്**

**ഏറ്റുമാനൂർ എറണാകുളം റോഡിലെ വളവ് നിവർത്തൽ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| (എ) | ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവ് നിവർത്തൽ സംബന്ധിച്ച് ഡയറക്ട് പർച്ചേസിന് വേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് PWD (റോഡ്സ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ 02/11/09, 14/02/09 എന്നീ തീയതികളിൽ സമർപ്പിച്ച റിക്വിസിഷന്റെ അടിസ്ഥാനത്തിൽ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുച്ചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽപ്പെട്ട 1.9652 ഹെക്ടർ സ്ഥലം 1894-ലെ പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കുവാൻ 09/05/13-ലെ സ.ഉ (സാധാ) 2655/13/ആർ.ഡി പ്രകാരം ഉത്തരവായിരുന്നു.<br>തുടർന്ന് മാഞ്ഞൂർ, കോതനല്ലൂർ വില്ലേജുകളിൽപ്പെട്ട 50.08 ആർ സ്ഥലങ്ങളുടെ സർവ്വെ നമ്പരുകൾ ഉൾപ്പെടുത്തിയ പുതിയ റിക്വിസിഷൻ 29/06/13-ൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19/12/13-ൽ സ.ഉ (സാധാ) 6663/13/ ആർ.ഡി നമ്പർ പ്രകാരം 1894-ലെ പൊന്നുംവില നിയമ പ്രകാരം ഏറ്റെടുക്കുവാൻ പുതിയ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ 01/01/14-ൽ പുതിയ എൽ.എ.ആർ.ആർ ആക്ട് നിലവിൽ വന്നതിനാൽ ഈ ഉത്തരവ് പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല. തുടർന്ന് കോട്ടയം ജില്ലാ കളക്ടർ 17/10/2016-ൽ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ശുപാർശ സമർപ്പിക്കുകയുണ്ടായി. എന്നാൽ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ വിവരങ്ങൾ ഇല്ലാതിരുന്നതിനാൽ ഡയറക്ട് പർച്ചേസിന്റെ സാധ്യതകൾ കൂടി പരിശോധിച്ച് പുതുക്കിയ ശുപാർശ സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഡയറക്ട് പർച്ചേസിനുവേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം പൊതുമരാമത്ത് വകുപ്പിനോട് സമർപ്പിക്കാൻ 8/12/16-ന് കോട്ടയം ജില്ലാ കളക്ടർ ആവശ്യപ്പെട്ടെങ്കിലും സ്ഥലമുടമകളുടെ സമ്മതപത്രം സഹിതമുള്ള റിക്വിസിഷൻ സമർപ്പിച്ചിട്ടില്ല. പ്രസ്തുത ശുപാർശയും റിക്വിസിഷനും സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾക്കാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | എത്ര പേർ വളവ് നിവർത്തലുമായി ബന്ധപ്പെട്ട് സമ്മതപത്രം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേരുടെ സമ്മതപത്രം കിട്ടാനുണ്ടെന്നും ഇത് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; എത്രയും വേഗം സമ്മതപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ നടപടികളിലുണ്ടാകുന്ന കാലതാമസം കാരണം പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയാത്ത സ്ഥിതിവിശേഷം ഒഴിവാക്കുവാൻ വകുപ്പുതലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ